"ഭരണഭാഷ- മാതൃഭാഷ"

പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2735 | 22/01/2021-ൽ മറുപടിയ്ക്ക്

വന്യജീവി ആക്രമണത്തിൽ നിന്ന് കർഷകർക്ക് പരിരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കർഷകരുടെ സംരക്ഷണം ഉറപ്പാക്കാൻ കാട്ടുപന്നിയെ ലൈസൻസ് ഉള്ള തോക്ക് ഉപയോഗിച്ച് വെടിവെച്ച് കൊല്ലുവാൻ വനം വകുപ്പ് അനുവാദം നൽകിയിട്ടുണ്ടോ; | (എ) | വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) | നിലവിലുള്ള ഉത്തരവിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; അത് നീട്ടി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നിലവിലെ ഉത്തരവിന്റെ കാലാവധി 17.05.2021 ൽ ആണ് അവസാനിക്കുന്നത്. കാലാവധി തീരുന്ന മുറയ്ക്ക് ആയത് നീട്ടി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

<table>
<tr>
<td>(സി)</td>
<td>ജീവനോപാധിയടക്കം കർഷകർക്ക് വന്യജീവികളിൽ നിന്നുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മറ്റ് മേഖലകളിൽ നൽകുന്ന നഷ്ടപരിഹാരത്തിന് സമാനമായ നഷ്ടപരിഹാരം നൽകാറുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ;</td>
<td>(സി)</td>
<td>വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ 'ദി കേരള റൂൾസ് ഫോർ പേയ്മെൻറ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്' പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരം പുതുക്കിയ നിരക്ക് അനുസരിച്ച് വന്യജീവി ആക്രമണംമൂലമുള്ള മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 1 0 ലക്ഷം രൂപ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. ഇതുകൂടാതെ, താഴെ പറയുന്ന നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം ടി ഉത്തരവനുസരിച്ച് നൽകിവരുന്നു.
<table>
<tr><td>കഷ്ട നഷ്ടങ്ങളുടെ സ്വഭാവം</td><td>നഷ്ട പരിഹാര തുക (രൂപ)</td></tr>
<tr><td>വനത്തിനു പുറത്തു വച്ചുള്ള പാമ്പു കടിമൂലമുള്ള മരണം</td><td>2 ലക്ഷം രൂപ</td></tr>
<tr><td>വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം</td><td>2 ലക്ഷം രൂപ</td></tr>
<tr><td>വന്യജീവി ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക്</td><td>1 ലക്ഷം രൂപ<br>പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ).</td></tr>
<tr><td>വന്യജീവി ആക്രമണം മൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം</td><td>നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ)</td></tr>
<tr><td>വന്യജീവി ആക്രമണം മൂലമുള്ള വിളനാശം</td><td>നഷ്ടത്തിന്റെ 100%<br>(ഒരു വർഷത്തിൽ ഒരാൾക്ക് 4 തവണ അപേക്ഷിക്കാം - പരമാവധി 1 ലക്ഷം രൂപ )</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| (ഡി) | വന്യജീവി ആക്രമണത്തിന് വിധേയരാകുന്നവർക്ക് പരിരക്ഷ നൽകുന്നതിനായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമോ? | (ഡി) | വനങ്ങളിലും വനത്തിന് സമീപവും താമസിക്കുന്ന പട്ടികവർ ഗ്ഗക്കാർ ക്ക്, 14.03.1995-ലെ സ.ഉ.(കൈ) നം.12/95/വനം വന്യജീവി വകുപ്പ്, ഉത്തരവിൻ പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വനാതിർത്തിയിൽ താമസിക്കുന്ന പട്ടികജാതിക്കാരുൾപ്പെടെയുള്ള മറ്റ് വിഭാഗക്കാർക്കും ഈ പദ്ധതി പ്രകാരമുള്ള പരിരക്ഷയുടെ പ്രയോജനം ഭാഗികമായി ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ